ഉത്തരം

(എ) ധനസഹായം നൽകുന്നതിനുള്ള തുക കണ്ടെത്തുന്ന വിഷയം പരിശോധിച്ചു വരുന്നു.

(ബി) സംസ്ഥാന ദുരിതാശ്വാസ ധനസഹായത്തിന്റെ ഭാഗമായി ജില്ലാ കളക്ടറിൽനിന്നും ലഭിച്ച ഒരു കോടി രൂപ വിതരണം ചെയ്തതിന്റെ വിശദാംശം താഴെ ചേർക്കുന്നു :

പഞ്ചായത്ത്	കർഷകരുടെ എണ്ണം	ലഭിച്ച തുക (രൂപ)
മടിക്കൈ	1170	65,93,675
പുല്ലൂർ-പെരിയ	46	1,81,300
പനത്തടി	170	14,29,975
കോടോം-ബേളൂർ	300	1,17,95,050
ആകെ	1686	1,00,00,000

(സി) ഇല്ല. ധനസഹായം നൽകുന്നതിനുള്ള തുക കണ്ടെത്തുന്ന വിഷയം പരിശോധിച്ചു വരുന്നു.

അസിസ്റ്റന്റ് ഫെർട്ടിലൈസർ/ഇൻസെക്ടിസൈഡ് ഓഫീസർ

110 (1511) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ മുഴുവൻ കൃഷി ഓഫീസർമാരും ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഓഫീസർമാരാണോ ; ഇല്ലെങ്കിൽ ഇതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ബി.എസ്.സി കൃഷിശാസ്ത്രം സിലബസ് മാനദണ്ഡമാക്കി പി.എസ്.സി നടത്തുന്ന അർഹതാനിർണ്ണയ പരീക്ഷ വിജയിച്ച് കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നവരെ ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഓഫീസർമാരായി പരിഗണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മതിയായ ഫിൽഡ് പരിജ്ഞാനവും നിശ്ചിത വർഷം സർവ്വീസുമുള്ള കൃഷി അസിസ്റ്റന്റുമാരെ അസിസ്റ്റന്റ് ഫെർട്ടിലൈസർ/ഇൻസെക്ടിസൈഡ് ഓഫീസർമാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

1024/2018

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അല്ല.

ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർ :

6-1-2015-ലെ ജി.ഒ.(പി) 02/2015/എഡി നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന കൃഷി വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

1. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ
2. ഫെർട്ടിലൈസർ സംബന്ധമായ ചുമതല നിർവ്വഹിക്കുന്ന കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ (ട്രെയിനിംഗ്)
3. ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ
4. ഗുണനിലവാര പരിശോധന ചുമതലയുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ
5. കൃഷി ഓഫീസർമാർ

ഇവർക്ക് 1985-ലെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിന്റെ ഖണ്ഡം 27 (എ) പ്രകാരം കൃഷിശാസ്ത്രത്തിൽ ബിരുദമോ കെമിസ്ട്രി ഒരു വിഷയമായി സയൻസ് ബിരുദമോ ഉണ്ടായിരിക്കേണ്ടതും ആവശ്യമായ പ്രവർത്തനതല പരിജ്ഞാനം/പരിശീലനം ഉണ്ടായിരിക്കേണ്ടതുമാണ്.

ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ :

30-3-1988-ലെ ജി.ഒ.(പി) 98/88/എഡി നമ്പർ ഉത്തരവ് പ്രകാരം കൃഷി വകുപ്പിലെ കൃഷി ഓഫീസറും അതിലുയർന്ന തസ്തികയിലുള്ള എല്ലാ ടെക്നിക്കൽ ഓഫീസർമാരും ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരാണ്.

ഇവർക്ക് 1971-ലെ ഇൻസെക്ടിസൈഡ് റൂൾസിലെ റൂൾ 26 (എ) (ബി) പ്രകാരം കൃഷിശാസ്ത്രത്തിൽ ബിരുദമോ കെമിസ്ട്രി ഒരു വിഷയമായി സയൻസ് ബിരുദമോ ഉണ്ടായിരിക്കേണ്ടതും, ആവശ്യമായ പ്രവർത്തനതല പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതുമാണ്.

(ബി) ഉണ്ട്. 1985-ലെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരവും 1971-ലെ ഇൻസെക്ടിസൈഡ് റൂൾസ് പ്രകാരവും ആവശ്യമായ യോഗ്യതകളുള്ളവരെ മാത്രമേ ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായി നിയമിക്കാൻ കഴിയുകയുള്ളൂ.

(സി) ബന്ധപ്പെട്ട നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ശേഷമേ ഇക്കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly